മുദ്രകൾ

# യൂറോപ്പിൽ പന്തം കൊളുത്തി പട

**പട്ടിണി** മാറ്റാൻ തൊഴിലന്വേഷിച്ച് യൂറോപ്യൻ നാടുകളിലേക്ക് ചേക്കേറാൻ അവസരം കാത്തിരിക്കുന്നവർ സൂക്ഷിക്കുക. അവിടെയും പട്ടിണിയും പരിവട്ടവുമാണത്രെ. തൊഴിലില്ലാ പട നാൾക്കുനാൾ പെരുകിപ്പെരുകി വരികയും. യൂറോപ്യൻ രാഷ്ട്രങ്ങളുടെ സാമൂഹിക സാഹചര്യങ്ങൾ കൃത്യമായി വിലയിരുത്തുന്ന *യൂറോസ്റ്റാറ്റി*ന്റെ ഏറ്റവും പുതിയ പഠനത്തിലാണ് ഈ വിവരങ്ങൾ. യൂറോപ്യൻ യൂനിയനിലെ– ഇതിൽ 27 രാഷ്ട്രങ്ങളുണ്ട്– 80 മില്യൻ ജനങ്ങളും (ഇത് ജനസംഖ്യയുടെ 17 ശതമാനം വരും) പട്ടിണിയിലാണ്. ഇവരിലധികവും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിൽ കഴിയുന്നവരാണ്.

ലിത്വാനിയയിൽ 26 ശതമാനം, റുമാനിയയിൽ 23 ശതമാനം, ബൾഗേറിയയിൽ 21 ശതമാനം– പട്ടിണിക്കാരുടെ വലിയ ശതമാനക്കണക്ക് ഈ രാജ്യങ്ങളിലാണ്. മറ്റു അടിസ്ഥാന സൗകര്യങ്ങളില്ലാത്തവരുടെ എണ്ണം ഇതിനേക്കാൾ എത്രയോ കൂടും. യൂറോപ്യൻ രാജ്യങ്ങൾ തമ്മിൽ ധനിക–ദരിദ്ര അന്തരം ഭീകരമായി വർധിച്ചുവരുന്നുണ്ടെന്നും പഠനം മുന്നറിയിപ്പ് നൽകുന്നു. ബൾഗേറിയ, റുമാനിയ, പോളണ്ട് തുടങ്ങിയ രാഷ്ട്രങ്ങളിലെ പൗരന് ലഭിക്കുന്ന ശമ്പളത്തിന്റെ ഏഴിരട്ടിയാണത്രെ ഒരു ബ്രിട്ടീഷുകാരന് ലഭിക്കുന്നത്. അമേരിക്കയിലും ലാറ്റിനമേരിക്കയിലും സ്ഥിതി ഇതിനേക്കാൾ ദയനീയമാണ് എന്ന ആശ്വാസം മാത്രമേ ഇപ്പോൾ യൂറോപ്യർക്കുള്ളൂ.

തൊഴിൽ പ്രശ്നവും അങ്ങേയറ്റം രൂക്ഷമാണ്. യൂറോപ്യൻ രാഷ്ട്രങ്ങളുടെ ശരാശരി തൊഴിലില്ലായ്മ 10 ശതമാനമാണെങ്കിലും, ചില നാടുകളിലത് 20 ശതമാനം കവിഞ്ഞിരിക്കുന്നു. സ്പെയിനും പോർച്ചുഗലും ഉദാഹരണം.




ഗ്രീസിൽ സംഭവിച്ചത് പോലെ ഇവിടങ്ങളിലൊക്കെ തൊഴിലാളികൾ അക്രമാസക്തരായി തെരുവിലിറങ്ങുന്ന കാലം വിദൂരമല്ലെന്നാണ് കണക്കുകൾ നൽകുന്ന സൂചന. ■

# ഇങ്ങനെയും ഒരു തെരഞ്ഞെടുപ്പ്!

**നവംബർ** 28–നാണ് ഈജിപ്തിൽ പാർലമെന്റ് തെരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ടം. രണ്ടാം ഘട്ടം ഡിസംബർ 5–ന് നടക്കും. ഫലം ഇപ്പോൾ തന്നെ പ്രവചിക്കാവുന്ന തരത്തിലാണ്. വ്യാപകമായ കൃത്രിമം നടക്കുമെന്ന് ഉറപ്പ്. മുഖ്യ പ്രതിപക്ഷമായ ഇഖ്‌വാനെ ഒറ്റപ്പെടുത്താനുള്ള ശ്രമവും അണിയറയിൽ തകൃതിയാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഇഖ്‌വാനോടൊപ്പം ഉണ്ടായിരുന്ന കക്ഷികളെ പ്രലോഭനങ്ങളിലൂടെ അടർത്തിമാറ്റുന്നതിൽ ഭരണകൂടം വിജയിച്ചിട്ടുണ്ട്. അവർക്ക് നിശ്ചിത എണ്ണം സീറ്റുകൾ നൽകാമെന്നാണ് വാഗ്ദാനം.

ഇഖ്‌വാന്റെ പാർലമെന്റ് സ്ഥാനാർഥികൾക്ക് പല തരത്തിലുള്ള പീഡനങ്ങളാണ് ഏൽക്കേണ്ടിവരുന്നത്. പലരെയും അകാരണമായി അറസ്റ്റ് ചെയ്യുന്നു. ചിലരുടെ പേരുകൾ സ്വന്തം മണ്ഡലത്തിലെ വോട്ടേഴ്സ് ലിസ്റ്റിൽനിന്ന് വെട്ടിക്കളഞ്ഞ് മറ്റേതോ മണ്ഡലത്തിലെ ലിസ്റ്റിൽ ചേർക്കുന്നു. സ്ഥാനാർഥികൾക്ക് തെരഞ്ഞെടുപ്പ് കാർഡുകൾ നൽകാനും അധികൃതർ വിസമ്മതിക്കുന്നു. എല്ലാം മുകളിൽനിന്നുള്ള ഓർഡറാണ്!

തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ചുക്കാൻ പിടിക്കുന്ന ഇഖ്‌വാനികളെ തട്ടിക്കൊണ്ടുപോവുകയാണ് മറ്റൊരു ഔദ്യോഗിക വിനോദം. പ്രചാരണരംഗത്ത് ഇത് വലിയ ക്ഷീണമുണ്ടാക്കും. 250 പേരെ ഇങ്ങനെ അറസ്റ്റ് ചെയ്യുകയോ തട്ടിക്കൊണ്ടുപോവുകയോ ചെയ്തിട്ടുണ്ട്.

മത്സരരംഗത്ത് ഉറച്ചുനിൽക്കുന്നതിനാൽ 20 സീറ്റോ മറ്റോ ഭരണകൂടം ഇഖ്‌വാന് കനിഞ്ഞേക്കും. അതിലേറെ സീറ്റുകൾ ഭരണ കക്ഷിക്കൊപ്പം നിൽക്കുന്ന കക്ഷികൾക്കും നൽകും. മുഖ്യ പ്രതിപക്ഷ കക്ഷിയെ കൊച്ചാ

ക്കാൻ അത് മതിയല്ലോ.

2005–ലെ തെരഞ്ഞെടുപ്പിൽ ഒന്നാം ഘട്ടത്തിൽ തന്നെ ഇഖ്‌വാൻ എൺപതിൽ പരം സീറ്റുകൾ നേടിയിരുന്നല്ലോ. അന്നത്തെ അമേരിക്കൻ പ്രസിഡന്റ് ജോർജ് ബുഷ് മധ്യ പൗരസ്ത്യ ദേശത്തേക്ക് ജനാധിപത്യം കയറ്റി അയക്കണമെന്ന് വാശിപിടിക്കുന്ന കാലമായിരുന്നു. അങ്ങനെയാണ് ആ തെരഞ്ഞെടുപ്പിന് വിദേശ നിരീക്ഷകരെ പറഞ്ഞയച്ചത്. ആദ്യ ഘട്ട തെരഞ്ഞെടുപ്പിന്റെ സൂചന തന്നെ വളരെ വ്യക്തമായിരുന്നു. സ്വതന്ത്രമായ തെരഞ്ഞെടുപ്പ് നടന്നാൽ ഇസ്‌ലാമിസ്റ്റുകൾ അധികാരത്തിലെത്തും. അതോടെ ബുഷ് കളം മാറി ചവിട്ടി. പിന്നീടങ്ങോട്ടുള്ള റൗണ്ടുകളിൽ കൃത്രിമം മാത്രമേ നടന്നുള്ളൂ. പിന്നെ ഒറ്റ ഇഖ്‌വാനിയും പാർലമെന്റിലേക്കെത്തിയില്ല. 2010–ൽ നടന്ന ശൂറാ തെരഞ്ഞെടുപ്പിലും ഇഖ്‌വാൻ ഓൾ ഔട്ട്!



മറുവശത്ത് സകല ഭരണ സംവിധാനങ്ങളെയും ദുരുപയോഗം ചെയ്യുകയാണ് ഭരണകക്ഷി. പൊതുഖജനാവിൽ നിന്ന് 180 മില്യൻ ഡോളറാണത്രെ ഭരണകക്ഷി ഇലക്ഷൻ പ്രചാരണത്തിന് വേണ്ടി തരപ്പെടുത്തിയിരിക്കുന്നത്. പൊതു കെട്ടിടങ്ങൾ പ്രചാരണ യോഗങ്ങൾക്കും മറ്റും അവർ ദുരുപയോഗപ്പെടുത്തുകയും ചെയ്യുന്നു.

ഈ തെരഞ്ഞെടുപ്പാഭാസത്തിന്റെ രണ്ടാം എപ്പിസോഡ് അടുത്ത സെപ്റ്റംബറിലായിരിക്കും. പ്രസിഡന്റ് തെരഞ്ഞെടുപ്പ് എന്ന പേരിൽ. അനാരോഗ്യം കാരണം നിലവിലുള്ള പ്രസിഡന്റ് ഹുസ്നി മുബാറക് മാറി നിൽക്കുമോ, പകരം മകൻ ജമാൽ മുബാറക് പ്രസിഡന്റാകുമോ എന്നത് മാത്രമേ ഈ വിഷയത്തിൽ ഇനി അറിയാനുള്ളൂ. ■

# ബഹ്റൈനിൽ ഇസ്‌ലാമിസ്റ്റ് സഖ്യത്തിന് തിരിച്ചടി

**ബഹ്റൈനിൽ** രണ്ടാംവട്ട പാർലമെന്റ് തെരഞ്ഞെടുപ്പ് ഫലം കൂടി പുറത്ത് വന്നപ്പോൾ ഇസ്‌ലാമിസ്റ്റ് സഖ്യത്തിന് വൻ തിരിച്ചടി. മുൻസിപ്പൽ തെരഞ്ഞെടുപ്പിലും സഖ്യത്തിന് കനത്ത പരാജയമാണ് നേരിട്ടിരിക്കുന്നത്. 'സുന്നി' ഇസ്‌ലാമിസ്റ്റ് സഖ്യത്തിൽ രണ്ട് കക്ഷികളാണുള്ളത്– ഇഖ്‌വാന്റെ രാഷ്ട്രീയ വിംഗായ അൽമിമ്പറും സലഫി കക്ഷിയായ അൽ അസ്വാലയും. മിമ്പറിന് ഇത്തവണ പാർലമെന്റിൽ രണ്ട് സീറ്റ് മാത്രമേ ലഭിച്ചുള്ളൂ. കഴിഞ്ഞ തവണ അത് ഏഴായിരുന്നു,. കഴിഞ്ഞ പാർലമെന്റിൽ എട്ട് സീറ്റുണ്ടായിരുന്ന അസ്വാലക്ക് ഇത്തവണ മൂന്ന് സീറ്റുകൊണ്ട് തൃപ്തിപ്പെടേണ്ടിവന്നു.



ബഹ്റൈൻ പാർലമെന്റിൽ ഇസ്‌ലാമിസ്റ്റ് സഖ്യത്തിന്റെ പ്രാതിനിധ്യം കഴിഞ്ഞ തവണത്തെ അപേക്ഷിച്ച് മൂന്നിലൊന്നായി ചുരുങ്ങി എന്നർഥം. 40 അംഗ പാർലമെന്റിൽ ശീഈ കക്ഷിയായ വഫാഖിനാണ് കൂടുതൽ അംഗങ്ങൾ– 18 പേർ. 17 സ്വതന്ത്രന്മാരും ജയിച്ചു കയറിയിട്ടുണ്ട്.

40 അംഗ മുൻസിപ്പൽ കൗൺസിലിലും ഇസ്‌ലാമിസ്റ്റ് പ്രാതിനിധ്യം ഗണ്യമായി കുറഞ്ഞു. പത്തു പേരാണ് ഇസ്‌ലാമിസ്റ്റ് സഖ്യത്തിന്റെ ബാനറിൽ വിജയിച്ചത്– അസ്വാലയുടെ എട്ടും മിമ്പറിന്റെ രണ്ടും. മുൻ പാർലമെന്റിൽ ഈ കക്ഷികളുടെ പ്രാതിനിധ്യം യഥാക്രമം 9,3 എന്നിങ്ങനെയായിരുന്നു. മിമ്പറിന്റെ സെക്രട്ടറി ജനറലും പാർലമെന്ററി പാർട്ടി നേതാവുമായ അബ്ദുല്ലത്വീഫ് ശൈഖ്, അസ്വാലയുടെ പ്രഗത്ഭ പാർലമെന്റേറിയൻ ഇബ്റാഹീം ബൂസ്വൻദൽ എന്നിവർ പരാജയപ്പെട്ടവരിൽ ഉൾപ്പെടും.

പ്രവചനങ്ങൾ തെറ്റിച്ച പരാജയമാണ് അസ്വാലക്കും മിമ്പറിനും ഉണ്ടായിരിക്കുന്നത്. ഇരു കക്ഷികളും എട്ട് വരെ സീറ്റുകൾ നേടുമെന്നായിരുന്നു രാഷ്ട്രീയ നിരീക്ഷകർ കണക്ക് കൂട്ടിയിരുന്നത്. പരാജയ കാരണങ്ങൾ വിലയിരുത്തി വരികയാണ് ഇസ്‌ലാമിസ്റ്റ് സഖ്യം. സാധാരണക്കാരുടെ മനസ്സ് വായിക്കാൻ കഴിഞ്ഞില്ല എന്നതാണ് ഒന്നാമത്തെ കാരണം. സാമൂഹിക പ്രശ്നങ്ങളിൽ വേണ്ട രീതിയിൽ ഇടപെടലുകൾ ഉണ്ടായില്ല എന്നും വിമർശനമുണ്ട്. ഇഖ്‌വാൻ–സലഫി പൊരുത്തമില്ലായ്മയും പരാജയത്തിന് കാരണമായിട്ടുണ്ടെന്നാണ് വിലയിരുത്തൽ. ഏതായാലും അൽ മിമ്പറിന്റെ രാഷ്ട്രീയ പ്രവർത്തന ശൈലിയിൽ കാര്യമായ പൊളിച്ചെഴുത്തുണ്ടാകുമെന്നാണ് കരുതപ്പെടുന്നത്. ■